പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 817 — 28.02.2018-ൽ മറുപടിക്ക്

## ഇതര സംസ്ഥാന തൊഴിലാളികൾക്കായി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) പരാതി ലഭിക്കുന്നപക്ഷം പരിഹാരനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഈ സർക്കാർ നാളിതുവരെ ഇതിനായി പ്രഖ്യാപിച്ച തുക എത്ര; ഇതുവരെ എത്ര തുക ചെലവഴിച്ചു; | (ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ആവാസ് പദ്ധതിക്ക് 10 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആയതിൽ നിന്നും 1,11,01,848/- (ഒരു കോടി പതിനൊന്ന് ലക്ഷത്തി ആയിരത്തി എണ്ണൂറ്റി നാൽപത്തിയെട്ട് രൂപാ മാത്രം) ഇതുവരെ ചിലവഴിച്ചിട്ടുണ്ട്. |
| (സി) ഇവർക്കു വേണ്ടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമേ 2010 ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയും നിലവിലുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിച്ച് സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മെഡിക്കൽ ക്യാമ്പുകളും |

| | |
|---|---|
| | ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട വാസഗൃഹം നിർമ്മിച്ച് നൽകുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള "അപ്നാഘർ" പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് 44200 സ്ക്വയർ ഫീറ്റിൽ 640 പേർക്ക് എല്ലാ വിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റൽ സജ്ജമാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ഹോസ്റ്റൽ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പദ്ധതി നടപ്പിലാക്കുന്ന "ഭവനം ഫൗണ്ടേഷൻ" മുഖേന പുരോഗമിച്ച് വരികയാണ്. കൂടാതെ കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഈ പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. |
| (ഡി) പദ്ധതികൾക്കു വേണ്ടി സർക്കാർ ഫണ്ട് ചെലവഴിക്കാത്ത വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) തൊഴിൽവകുപ്പിൽ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.